എ.വൈ.ആർ

സൂറ-10

# യൂനുസ്

إِلَيْهِ مَرْجِعُكُمْ جَمِيعًا ۖ وَعْدَ ٱللَّهِ حَقًّا ۚ إِنَّهُۥ يَبْدَؤُا۟ ٱلْخَلْقَ ثُمَّ يُعِيدُهُۥ لِيَجْزِىَ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ بِٱلْقِسْطِ ۚ وَٱلَّذِينَ كَفَرُوا۟ لَهُمْ شَرَابٌ مِّنْ حَمِيمٍ وَعَذَابٌ أَلِيمٌۢ بِمَا كَانُوا۟ يَكْفُرُونَ ﴿٤﴾

4 അവങ്കലേക്കുതന്നെ നിങ്ങളെല്ലാവരും തിരിച്ചുചെല്ലേണ്ടതുണ്ട്. അത് അല്ലാഹുവിന്റെ സത്യവാഗ്ദാനമാകുന്നു. അവനാകുന്നു ആദ്യം സൃഷ്ടിക്കുന്നത്. പിന്നീട് പുനഃസൃഷ്ടിക്കുന്നതും അവൻ തന്നെ; സത്യവിശ്വാസം കൈക്കൊള്ളുകയും സൽക്കർമങ്ങളാചരിക്കുകയും ചെയ്തവർക്ക് നീതിപൂർവം കർമഫലം നൽകാൻ. സത്യനിഷേധികളായവരോ, അവരനുവർത്തിച്ചിരുന്ന ധർമധിക്കാരത്തിന്റെ ഫലമായി ചുട്ടുപൊള്ളുന്ന കുടിനീരും വേദനയേറിയ ശിക്ഷയുമത്രെ അവർക്കുള്ളത്.

هُوَ ٱلَّذِى جَعَلَ ٱلشَّمْسَ ضِيَآءً وَٱلْقَمَرَ نُورًا وَقَدَّرَهُۥ مَنَازِلَ لِتَعْلَمُوا۟ عَدَدَ ٱلسِّنِينَ وَٱلْحِسَابَ ۚ مَا خَلَقَ ٱللَّهُ ذَٰلِكَ إِلَّا بِٱلْحَقِّ ۚ يُفَصِّلُ ٱلْـَٔايَـٰتِ لِقَوْمٍ يَعْلَمُونَ ﴿٥﴾

5 അവനാകുന്നു സൂര്യനെ വെളിച്ചമുള്ളതും ചന്ദ്രനെ ശോഭായമാനവുമാക്കിയതും അതിനു മണ്ഡലങ്ങൾ നിർണയിച്ചുവെച്ചതും; നിങ്ങൾക്ക് വർഷങ്ങളുടെ എണ്ണവും കണക്കുമറിയാൻ. അല്ലാഹു ഇതൊക്കെയും യാഥാർഥ്യമായിത്തന്നെയാകുന്നു സൃഷ്ടിച്ചിട്ടുള്ളത്. അറിയുന്ന ജനത്തിനായി തന്റെ ദൃഷ്ടാന്തങ്ങൾ വിശദീകരിക്കുകയാണവൻ.

إِنَّ فِى ٱخْتِلَـٰفِ ٱلَّيْلِ وَٱلنَّهَارِ وَمَا خَلَقَ ٱللَّهُ فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ لَـَٔايَـٰتٍ لِّقَوْمٍ يَتَّقُونَ ﴿٦﴾

6 രാപകൽ വ്യത്യാസത്തിലും വാനലോകത്തും അല്ലാഹു സൃഷ്ടിച്ചിട്ടുള്ള സകലത്തിലും ദൈവബോധമുള്ള ജനത്തിന് തീർച്ചയായും ദൃഷ്ടാന്തങ്ങളുണ്ട്.

إِلَيْهِ= അവങ്കലേക്കു(തന്നെ) مَرْجِعُكُمْ= നിങ്ങളുടെ മടക്കം(മടങ്ങിച്ചെല്ലേണ്ടതുണ്ട്)
جَمِيعًا= എല്ലാവരും وَعْدَ ٱللَّهِ= (അത്) അല്ലാഹുവിന്റെ വാഗ്ദാനമായി (ആകുന്നു) حَقًّا= സത്യമായ നിലയിലുള്ള
إِنَّهُۥ= നിശ്ചയം അവൻ(ആകുന്നു) يَبْدَؤُا۟= (ആദ്യം) തുടങ്ങുന്നു ٱلْخَلْقَ= സൃഷ്ടി(ക്കുന്നത്) ثُمَّ= പിന്നീട്
يُعِيدُهُۥ= അവൻ(തന്നെ)അതിനെ മടക്കുന്നു (പുനഃസൃഷ്ടിക്കുന്നു) لِيَجْزِىَ= പ്രതി(കർമ)ഫലം നൽകാൻ
ٱلَّذِينَ ءَامَنُوا۟= സത്യവിശ്വാസം കൈക്കൊ(ള്ളുകയും)ണ്ടവർക്ക്
وَعَمِلُوا۟ ٱلصَّـٰلِحَـٰتِ= സൽകർമങ്ങളാചരിച്ചവർക്കും(ചരിക്കുകയും ചെയ്തവർക്ക്) بِٱلْقِسْطِ= നീതിപൂർവം
وَٱلَّذِينَ كَفَرُوا۟= സത്യനിഷേധികളായവർ(രോ) لَهُمْ= അവർക്കു(ള്ളത്)ണ്ട് شَرَابٌ= കുടിനീർ مِّنْ حَمِيمٍ= ചുട്ടുപൊള്ളുന്ന വെള്ളത്താൽ
وَعَذَابٌ= ശിക്ഷയും(ആകുന്നു) أَلِيمٌ= വേദനയേറിയ بِمَا كَانُوا۟ يَكْفُرُونَ= അവൻ നിഷേധിച്ചിരുന്നതിന് (ധർമം ധിക്കരിച്ചതിന്റെ ഫലമായി)
هُوَ ٱلَّذِى جَعَلَ= അവനാകുന്നു ആക്കിയത് ٱلشَّمْسَ= സൂര്യനെ ضِيَآءً= വെളിച്ചം, പ്രകാശം (ഉള്ളത്) وَٱلْقَمَرَ= ചന്ദ്രനെ
نُورًا= പ്രകാശ(ശോഭായമാന)വും وَقَدَّرَهُۥ= അതിനു നിശ്ചയിച്ചതും مَنَازِلَ= താവളങ്ങൾ, മണ്ഡലങ്ങൾ لِتَعْلَمُوا۟= നിങ്ങൾ അറിയാൻ

عَدَدَ= എണ്ണം ٱلسِّنِينَ= വർഷങ്ങളുടെ وَٱلْحِسَابَ= കണക്കും

مَا خَلَقَ ٱللَّهُ ذَٰلِكَ= (ഇതൊക്കെയും സൃഷ്ടിച്ചിട്ടുള്ളത്) അല്ലാഹു അതു സൃഷ്ടിച്ചില്ല

إِلَّا بِٱلْحَقِّ= (യാഥാർഥ്യമായിട്ടു തന്നെയാകുന്നു) സത്യം കൊണ്ടല്ലാതെ يُفَصِّلُ ٱلْءَايَٰتِ= അവൻ ദൃഷ്ടാന്തങ്ങൾ വിശദീകരിക്കുന്നു

لِقَوْمٍ يَعْلَمُونَ= ജനത്തിനു വേണ്ടി അറിയു(യാൻ ആഗ്രഹിക്കു)ന്ന إِنَّ فِى ٱخْتِلَٰفِ ٱلَّيْلِ وَٱلنَّهَارِ= തീർച്ചയായും രാപകൽ വ്യത്യാസത്തിൽ ഉണ്ട്

وَمَا خَلَقَ ٱللَّهُ= (ട്ടുള്ള സകലത്തിലും) അല്ലാഹു സൃഷ്ടിച്ചിട്ടുള്ളതിലും فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ= വാനലോകത്തും ഭൂലോകത്തും

لَءَايَٰتٍ= ദൃഷ്ടാന്തങ്ങൾ തന്നെ لِّقَوْمٍ يَتَّقُونَ= സൂക്ഷ്മതയുള്ള, ദൈവബോധം ഉള്ള ജനത്തിന്

**4:** പ്രപഞ്ചത്തിന്റെ സ്രഷ്ടാവും സർവാധികാരിയായ വിധാതാവും അല്ലാഹുവായതുകൊണ്ട് അവനെ മാത്രമാണ് സൃഷ്ടികൾ ഇബാദത്ത് ചെയ്യേണ്ടത്, അഥവാ ആരാധിക്കുകയും അനുസരിക്കുകയും ഭയപ്പെടുകയും ചെയ്യേണ്ടത് എന്നാണല്ലോ മുൻ സൂക്തത്തിൽ ഉണർത്തിയത്. അങ്ങനെ ചെയ്തില്ലെങ്കിൽ എന്താണ് ദോഷമെന്നാണ് തുടർന്ന് പറയുന്നത്. മൂഢ ജനങ്ങൾ കരുതുന്നതുപോലെ ഈ ലോകത്തു ജനിച്ചു ജീവിച്ച മനുഷ്യർ വെറുതെയങ്ങ് മരിച്ചവസാനിക്കുകയല്ല. ഏതൊരു അല്ലാഹുവിനാലാണോ ഉളവായത് അതേ അല്ലാഹുവിലേക്ക് മടങ്ങുകയാണവർ. ഈ മടക്കം അല്ലാഹു സൃഷ്ടിയുടെ തുടക്കത്തിലേ വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. അവൻ വാഗ്ദത്തം ലംഘിക്കുകയില്ല. ആർക്കും അവന്റെ വാഗ്ദാനം പുലരുന്നത് തടയാനും കഴിയില്ല. പുലരേണ്ടതനിവാര്യമായ സത്യവാഗ്ദാനമാണത്. സൃഷ്ടികൾ അല്ലാഹുവിന്റെ മുമ്പിൽ തിരിച്ചെത്തിയാൽ ഈ ഭൂമിയിലെ ജീവിതത്തിന്റെ കണക്ക് ബോധിപ്പിക്കേണ്ടിവരും. പ്രപഞ്ചത്തിന്മേലുള്ള അവന്റെ പരമാധികാരത്തിന്റെയും ഭരണത്തിന്റെയും അനിവാര്യതാൽപര്യമാണത്. ഈ ലോകത്ത് ദൈവത്തെ നിഷേധിച്ചും അവന്റെ ശാസനകൾ ധിക്കരിച്ചും വാണ സൃഷ്ടികളുടെയും അവനിൽ വിശ്വസിച്ചും അവന്റെ ശാസനകളനുസരിച്ചും ഭക്തരായി വാണ സൃഷ്ടികളുടെയും ജീവിതം വിചാരണയോ ശിക്ഷയോ ഒന്നുമില്ലാതെ ഒരുപോലെ പര്യവസാനിക്കുന്നുവെങ്കിൽ അവരിൽ അല്ലാഹുവിനുള്ള അധികാരവും ഭരണവുമെല്ലാം നിഷ്ഫലമാകുന്നു. ദൈവം നീതിമാനാണെന്ന സങ്കൽപവും നിരർഥകമാകുന്നു.

പക്ഷേ, സൃഷ്ടികൾ മരിച്ചു ജീർണിച്ച് മണ്ണിൽ ലയിച്ചു ചേരുന്നതാണ് നമ്മൾ കാണുന്നത്. പിന്നെ എപ്പോൾ എങ്ങനെയാണവർ വിചാരണക്ക് വിധേയരാകുന്നത്. ഈ ചോദ്യത്തിനുള്ള മറുപടിയാണ് إِنَّهُۥ يَبْدَؤُا۟ ٱلْخَلْقَ ثُمَّ يُعِيدُهُۥ എന്ന വാക്യം. 'തീർച്ചയായും അവൻ സൃഷ്ടിയാരംഭിക്കുന്നു. പിന്നീടതിനെ മടക്കുന്നു' എന്നാണതിന്റെ ഭാഷാർഥം. തർജമയിൽ കൊടുത്തതു സാന്ദർഭികമായ അർഥമാണ്. അതായത്, താൻ നേരത്തെ സൃഷ്ടിച്ച മനുഷ്യരെ, അവർ മരിച്ചു മണ്ണായിത്തീർന്നശേഷം വീണ്ടും അതേപടി സൃഷ്ടിക്കും. അനന്തരം അവരുടെ ഭൗതിക ജീവിതം വിചാരണ ചെയ്യപ്പെടും.

إِنَّهُۥ يَبْدَؤُا۟ ٱلْخَلْقَ (തീർച്ചയായും അവൻ സൃഷ്ടി ആരംഭിക്കുന്നു) എന്ന വാക്ക്, ثُمَّ يُعِيدُهُۥ (പിന്നീടതിനെ പുനഃസൃഷ്ടിക്കുന്നു) എന്നതിന്റെ ന്യായം കൂടിയാണ്. ഏതൊരു വസ്തുവിനെയും ആദ്യം സൃഷ്ടിക്കുന്നത് അല്ലാഹുവാണെന്ന് ബഹുദൈവാരാധകരും അംഗീകരിച്ചിരുന്ന കാര്യമാണ്. പ്രപഞ്ചത്തിന്റെ ഉടമസ്ഥതയിലും വിധായകത്വത്തിലുമാണവർ മറ്റു ശക്തികളെ പങ്കാളികളാക്കിയിരുന്നത്. മണ്ണിൽനിന്ന് മനുഷ്യനെ ആദ്യം സൃഷ്ടിക്കാൻ കഴിയുന്നവന് അതേ മണ്ണിൽനിന്ന് അതേ മനുഷ്യനെ വീണ്ടും സൃഷ്ടിക്കുക അനായാസകരമായിരിക്കുമല്ലോ. يَبْدَؤُ-يُعِيدُ (തുടങ്ങുന്നു- മടങ്ങുന്നു) എന്ന് വർത്തമാന ക്രിയാ പദങ്ങൾ ഉപയോഗിച്ചതിൽ ഇതുരണ്ടും (സൃഷ്ടിയും പുനഃസൃഷ്ടിയും) ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു എന്ന സൂചനയുമുണ്ട്. വാസ്തവത്തിൽ മനുഷ്യൻ നിരന്തരം കണ്ടുകൊണ്ടിരിക്കുന്ന പ്രതിഭാസമാണത്. ഒരിക്കൽ സസ്യനിബിഡമായിരുന്ന ഭൂമി, പിന്നീടാ സസ്യങ്ങളെല്ലാം ചത്തൊടുങ്ങുന്നു. മണ്ണ് വരണ്ടുവിണ്ട് മൃതമാകുന്നു. പിന്നീട് മഴപെയ്യുമ്പോൾ മരിച്ചു കിടന്ന ഭൂമി സജീവമാകുന്നു. ചത്തൊടുങ്ങിയ സസ്യങ്ങൾ ഉയിർത്തെഴുന്നേൽക്കുന്നു. ഇക്കാര്യം സൂറ *അൽ അഅ്റാഫ്* 57-ാം സൂക്തത്തിൽ ഇങ്ങനെ അവതരിപ്പിച്ചിട്ടുണ്ട്.

وَهُوَ ٱلَّذِى يُرْسِلُ ٱلرِّيَٰحَ بُشْرًۢا بَيْنَ يَدَىْ رَحْمَتِهِۦ ۖ حَتَّىٰٓ إِذَآ
أَقَلَّتْ سَحَابًا ثِقَالًا سُقْنَٰهُ لِبَلَدٍ مَّيِّتٍ فَأَنزَلْنَا بِهِ ٱلْمَآءَ فَأَخْرَجْنَا بِهِۦ مِن
كُلِّ ٱلثَّمَرَٰتِ ۚ كَذَٰلِكَ نُخْرِجُ ٱلْمَوْتَىٰ لَعَلَّكُمْ تَذَكَّرُونَ ﴿٥٧﴾

(അവനാകുന്നു തന്റെ അനുഗ്രഹത്തിനു മുന്നാലെ സുവിശേഷമായി കാറ്റുകളെ അയക്കുന്നത്. കാറ്റുകൾ ഭാരിച്ച മഴമേഘങ്ങളെ ഉയർത്തിയാൽ നാമവയെ മരിച്ചു കിടക്കുന്ന ഭൂമിയിലേക്ക് നയിക്കുകയും അവിടെ വെള്ളം പെയ്തിറക്കുകയും അങ്ങനെ പല വിളകളുൽപാദിപ്പിക്കുകയും ചെയ്യുന്നു. ഇതേ പ്രകാരമാകുന്നു നാം മരിച്ചവരെ ഉയിർത്തെഴുന്നേൽപിക്കുന്നത്; നിങ്ങൾ ഓർത്തുനോക്കിയെങ്കിൽ). സൂറ *ഖാഫ്* 9-11 സൂക്തങ്ങളിൽ പറയുന്നു:

وَنَزَّلْنَا مِنَ ٱلسَّمَآءِ مَآءً مُّبَٰرَكًا فَأَنۢبَتْنَا بِهِۦ جَنَّٰتٍ
وَحَبَّ ٱلْحَصِيدِ ﴿٩﴾ وَٱلنَّخْلَ بَاسِقَٰتٍ لَّهَا طَلْعٌ نَّضِيدٌ ﴿١٠﴾ رِّزْقًا
لِّلْعِبَادِ ۖ وَأَحْيَيْنَا بِهِۦ بَلْدَةً مَّيْتًا ۚ كَذَٰلِكَ ٱلْخُرُوجُ ﴿١١﴾

(വിണ്ണിൽനിന്ന് നാം അനുഗൃഹീത ജലമിറക്കി. അതുവഴി തോട്ടങ്ങളും ധാന്യവിളകളും പഴം തിങ്ങിയ കുലകൾ അടുക്കടുക്കായിത്തൂങ്ങുന്ന നീണ്ടുയർന്ന ഈത്തപ്പനകളും മുളപ്പിച്ചു. ഇത് അടിമകൾക്ക് ആഹാരമായിട്ടാകുന്നു. നിർജീവമായ ഭൂമിക്ക് നാം ജലത്താൽ ജീവനരുളുന്നു. ഇതേ പ്രകാരം തന്നെയാണ് മരിച്ച മനുഷ്യരുടെ ഉയിർത്തെഴുന്നേൽപും). പകൽ മരിക്കുമ്പോൾ രാത്രി ഉയിർത്തെഴുന്നേൽക്കുന്നു. രാത്രി മരിക്കുമ്പോൾ പകൽ ഉയിർത്തെഴുന്നേൽക്കുകയായി. സൂക്തത്തിന്റെ لِيَجْزِىَ ٱلَّذِينَ എന്നു തുടങ്ങുന്ന ഭാഗം പുനരുജ്ജീവനത്തിന്റെ ലക്ഷ്യം വ്യക്തമാക്കുകയാണ്.

അല്ലാഹുവിന്റെ സൃഷ്ടികളിൽ ഈ ലോകത്ത് അവന്റെ പരമാധികാരത്തിനും ശാസനക്കും വിധേയരായി വാണവരും അവനെ നിഷേധിക്കുകയും അവന്റെ ശാസനകൾ ധിക്കരിക്കുകയും ചെയ്തുകൊണ്ട് വാണവരുമുണ്ട്. വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്തവർക്ക് ഭൗതിക ലോകത്ത് അവ

ർഹിക്കുന്ന പ്രതിഫലം ലഭിക്കുന്നില്ല. പലപ്പോഴും അവിശ്വസിക്കുകയും ധിക്കരിക്കുകയും ചെയ്തവരെക്കാൾ കഷ്ടനഷ്ടങ്ങളാണ് അവരനുഭവിക്കേണ്ടിവരുന്നത്. സത്യവും ധർമവും അസത്യത്തെക്കാളും അധർമത്തെക്കാളും ഉൽകൃഷ്ടമാണെങ്കിൽ ആത്യന്തികമായി അവയുടെ ഫലങ്ങൾ വിരുദ്ധമായിരിക്കണം. എന്നെങ്കിലും അത് അനുഭവവേദ്യമാവുകയും വേണം. يَوْمُ يَنفَعُ ٱلصَّـٰدِقِينَ صِدْقُهُمْ (സത്യവാന്മാർക്ക് അവരുടെ സത്യസന്ധത ഫലം ചെയ്യുന്ന ദിവസം) ദൈവിക നീതിയുടെ താൽപര്യമാണ്. വിശ്വാസവും സൽകർമവും കൈക്കൊണ്ടവർക്ക് അവരുടെ കർമങ്ങൾക്ക് അവരർഹിക്കുന്ന പ്രതിഫലം നീതിപൂർവം നൽകുകയാണ് മരണാനന്തരം മനുഷ്യൻ ഉയിർത്തെഴുന്നേൽപിക്കപ്പെടുന്നതിന്റെ യഥാർഥ ലക്ഷ്യം. ഈ ലക്ഷ്യം നിറവേറുന്നതിന്റെ അനിവാര്യതയാണ്, അല്ലാഹുവിനെ നിഷേധിക്കുകയും ധിക്കരിക്കുകയും ചെയ്തുകൊണ്ട് സ്വേഛാപ്രമത്തരായി വാണവർ ശിക്ഷിക്കപ്പെടുക എന്നത്. ശിഷ്ട ജനത്തിനു സ്വർഗം ലഭിക്കുന്നത് എപ്രകാരം നീതിയാണോ അപ്രകാരം തന്നെ നീതിയാണ് ദുഷ്ടജനത്തിന് നരകം ലഭിക്കുക എന്നതും.

വേദനയേറിയ ശിക്ഷയുടെ ഭാഗം തന്നെയാണ് ചുട്ടുപൊള്ളുന്ന കുടിനീർ. അതിനെ പ്രത്യേകം എടുത്തുപറഞ്ഞത്, പരലോകത്ത് അല്ലെങ്കിൽ നരകത്തിൽ എത്തുന്ന ധിക്കാരികൾക്ക് ലഭിക്കുന്ന സ്വാഗത സൽക്കാരം അതായിരിക്കുമെന്ന് സൂചിപ്പിക്കുന്നു. അനന്തരം വേദനയേറിയ മറ്റു ശിക്ഷകളുടെ കവാടം തുറക്കുകയായി.

**5:** പ്രപഞ്ചത്തിന്റെ സ്രഷ്ടാവും വിധാതാവും അല്ലാഹു മാത്രമാണെന്നും, അതിനാൽ അവന്നുമാത്രമേ സൃഷ്ടികൾ ഇബാദത്തു ചെയ്യാവൂ എന്നും മനുഷ്യർ ചിന്തിച്ചു നോക്കിയാൽ സ്വയം മനസ്സിലാക്കുന്ന യാഥാർഥ്യമാണതെന്നും മൂന്നാം സൂക്തത്തിൽ വ്യക്തമാക്കിയിരുന്നുവല്ലോ. ദൈവത്തിന്റെ ഏകത്വത്തിലേക്കും പരലോകത്തിലേക്കും വിരൽചൂണ്ടുന്ന ചില പ്രാപഞ്ചിക ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാണിക്കുകയാണ് ഇനി ഏതാനും സൂക്തങ്ങളിൽ. പ്രപഞ്ചമാകുന്ന മഹായന്ത്രത്തെക്കുറിച്ചു ചിന്തിക്കുന്ന ആർക്കും അനാസൂത്രിതമായി ഉളവായ ഘടകങ്ങളുടെ അവ്യവസ്ഥിതമായ സമുച്ചയം, അല്ലെങ്കിൽ ഒരു കച്ചറ കൂമ്പാരം അല്ല ഈ പ്രപഞ്ചമെന്ന് അനായാസം ബോധ്യമാകും. അതിന്റെ അതിസൂക്ഷ്മ ഘടകങ്ങളിൽ പോലും സർവജ്ഞനായ ഒരു വിധാതാവിന്റെ ആസൂത്രണ പാടവവും സൃഷ്ടിവൈഭവവും തെളിഞ്ഞുകാണാം. ഓരോ സൃഷ്ടിയുടെയും ഘടനയിൽ ആ സൃഷ്ടിയോടും ഇതര സൃഷ്ടികളോടുമുള്ള കാരുണ്യത്തിനും ഗുണകാംക്ഷക്കും നൽകപ്പെട്ടിട്ടുള്ള പരിഗണന അപരിമേയമാണ്. നിസ്തുലമായ ക്രമീകരണം, നിരുപമമായ ഘടന, അതുല്യമായ ഗണിതവും ക്ഷേത്രഗണിതവും. നിശ്ചിത സമയങ്ങളിൽ നിശ്ചിത അളവിൽ വെളിച്ചവും താപവും ചൊരിയുന്ന സൂര്യൻ. താപമില്ലാത്ത കുളിർ വെട്ടം പെയ്യുന്ന ചന്ദ്രൻ. സൂര്യവെളിച്ചത്തെ ضِيَآءً എന്നും ചന്ദ്രപ്രകാശത്തെ نُورًا എന്നും വ്യവഹരിച്ചിരിക്കുന്നു. രണ്ടിന്റെയും അർഥം വെളിച്ചം, പ്രകാശം എന്നു തന്നെയാണ്. എങ്കിലും രണ്ടിന്റെയും ആശയങ്ങളിൽ സൂക്ഷ്മമായ അന്തരമുണ്ട്. ضياءൽ സ്വയം വെളിച്ചം ചൊരിയുന്നത് എന്നും, വെളിച്ചവും ചൂടുമുള്ളത് എന്നും ഉള്ള അർഥവും കൂടിയുണ്ട്. സൂര്യൻ സ്വയം വെളിച്ചവും ചൂടും പ്രസരിക്കുന്ന ഗ്രഹമായതുകൊണ്ടാണ് അതിനെ ضياء എന്നു പറഞ്ഞതെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. نور എല്ലാ പ്രകാശങ്ങളെയും കുറിക്കുന്ന പദമാണ്. സ്വയം പ്രകാശിക്കുന്നതിനും മറ്റൊന്നിൽനിന്ന് പ്രകാശം സ്വീകരിച്ച് പ്രകാശിക്കുന്നതിനും نور എന്നു പറയും. സൂര്യനിൽനിന്ന് പ്രകാശം സ്വീകരിച്ചു പ്രകാശിക്കുന്ന ഉപഗ്രഹമായതുകൊണ്ടാണ് ചന്ദ്രനെ نور എന്ന് വിശേഷിപ്പിച്ചത്.

സൂര്യചന്ദ്രന്മാരിൽനിന്നാണ് ഭൂമിക്ക് ചൂടും വെളിച്ചവും ലഭിക്കുന്നത്. അവയുടെ സവിശേഷമായ ഭ്രമണ വേഗവും പഥങ്ങളും മൂലമാണ് ഭൂമിയിൽ ജീവ യോഗ്യമായ അന്തരീക്ഷവും ഋതുഭേദങ്ങളും ഉണ്ടാകുന്നത്. മനുഷ്യർക്ക് സമയനിർണയം സാധ്യമാകുന്നതും വർഷങ്ങളും തീയതികളും കണക്കാക്കാൻ കഴിയുന്നതും സൂര്യ ചന്ദ്രന്മാരുടെ ഭ്രമണത്തെയും മണ്ഡലങ്ങളെയും ആശ്രയിച്ചാണ്. ഗ്രഹങ്ങളുടെ ചലനത്തിൽ ഇപ്പോഴുള്ള കണിശമായ കണക്കുകളിൽ വ്യത്യാസം വന്നാൽ സമയക്രമം താറുമാറാവുക മാത്രമല്ല, ഭൂമി ജന്തുജാലങ്ങൾക്ക് വാസയോഗ്യമല്ലാതാവുകയും ചെയ്യും. തികച്ചും പരസ്പര ബന്ധിതവും ആസൂത്രിതവുമായി കാണപ്പെടുന്ന ഈ ഘടന ദൈവം ഒരു ലീലാവിലാസമായി ആവിഷ്കരിച്ചതാണെന്നാണ് വിഗ്രഹാരാധകർ കരുതുന്നത്. ഇതിനു യാതൊരു ലക്ഷ്യവുമില്ല. ധർമാധർമങ്ങളുമായി ബന്ധവുമില്ല. നാസ്തികരാവട്ടെ ഇതൊക്കെ കേവലം യാദൃഛികമായി ഉളവായതാണെന്നും വാദിക്കുന്നു. മുൻവിധിയില്ലാതെ ചിന്തിക്കുന്നവരെ സംബന്ധിച്ചേടത്തോളം രണ്ടു വാദങ്ങളും നിരർഥകമാണ്. അലക്ഷ്യവും അനാസൂത്രിതവും ആകസ്മികവുമായ ചലനങ്ങളിൽനിന്ന് സലക്ഷ്യവും ആസൂത്രിതവും പരസ്പരബന്ധിതമായ ഘടകങ്ങളോടു കൂടിയതുമായ ഒരു നിർമിതി ഉളവാകുക അസംഭവ്യമാണ്. മൂഢതയിൽനിന്നു ബുദ്ധിവൈഭവവും അജ്ഞതയിൽനിന്ന് ജ്ഞാനവും ഉളവാകുന്നു എന്നു വാദിക്കുന്നതുപോലെയാണത്. പ്രപഞ്ചത്തിന്റെ സൂക്ഷ്മഭാഗങ്ങളിൽപോലും തെളിഞ്ഞു കാണപ്പെടുന്ന ആസൂത്രിതത്വവും ഘടനാ വൈഭവവും നിരന്തരമായ പ്രവർത്തന ശേഷിയും കേവലം യാദൃഛികമാണെന്ന സങ്കൽപം പ്രകൃതി വിരുദ്ധമാണ്. ഒരു തോടിനു കുറുകെ ഒരു ഒറ്റ മരപ്പാലം കണ്ടാൽ അത് അടുത്തുള്ള മരംവീണ് യാദൃഛികമായി ഉണ്ടായതാണെന്ന് നമുക്കു വേണമെങ്കിൽ പറയാം. പക്ഷേ, ഹൗറാ ബ്രിഡ്ജും ധനുഷ്കോടി പാലവും കുറെ കമ്പിയും കല്ലും കുമ്മായവും എവിടെനിന്നോ വന്ന് വീണ് യാദൃഛികമായി ഉണ്ടായതാണെന്ന് ആരെങ്കിലും പറഞ്ഞാൽ അയാളുടെ തലക്ക് തകരാറുണ്ടെന്നേ കേൾക്കുന്നവർക്ക് തോന്നൂ.

സൂര്യചന്ദ്രന്മാരുടെ പ്രകാശവും ഭ്രമണവും യാദൃഛികമായി ചൂടും വെളിച്ചവും കിട്ടാനും കാലം ഗണിക്കാനും മനുഷ്യന്നുപകരിക്കുകയല്ല; മറിച്ച് മനുഷ്യന് ഉപകരിക്കാൻ വേണ്ടി അല്ലാഹു ആസൂത്രിതമായി അവയെ ആ രീതിയിൽ സൃഷ്ടിച്ചു വെച്ചതാണ്. സൂര്യചന്ദ്രന്മാരെ മാത്രമല്ല സകല വസ്തുക്കളും അവൻ സൃഷ്ടിച്ചിട്ടുള്ളത് തികഞ്ഞ ലക്ഷ്യബോധത്തോടെ ആസൂത്രിതമായിട്ടാണ്. مَا خَلَقَ ٱللَّهُ ذَٰلِكَ إِلَّا بِٱلْحَقِّ (യാഥാർഥ്യമായിട്ടു തന്നെയാണ് അല്ലാഹു അതിനെ സൃഷ്ടിച്ചിട്ടുള്ളത്) എന്നത് ഏക പക്ഷീയമായ ഒരു വാദമല്ല; സാമാന്യ ബുദ്ധിയും പ്രകൃതിയും അംഗീകരിക്കുന്ന സത്യമാണ്. മനുഷ്യജീവിതം സുസാധ്യവും സുഗമവുമാകുന്നതിനുവേണ്ടി ആസൂത്രിതമായി ഉളവാക്കിയിട്ടുള്ളതാണ് പ്രപഞ്ചത്തിന്റെ ഘടകങ്ങളും ഘടനയുമെങ്കിൽ ആ ഔദാര്യങ്ങൾ അനുഭവിക്കുന്ന മനുഷ്യൻ അല്ലാഹുവിനു മാത്രം ഇബാദത്തു ചെയ്യാൻ ബാധ്യസ്തനാണ്.

إِلَّا بِٱلْحَقِّ എന്നതിന്റെ ഭാഷാർഥം 'സത്യം (യാഥാർഥ്യം) കൊണ്ടല്ലാതെ' എന്നാണ്. സാധുവായിട്ടല്ലാതെ, സോദ്ദേശ്യമായിട്ടല്ലാതെ, കാര്യമായിട്ടല്ലാതെ പരസ്പര പൂരകമായിട്ടല്ലാതെ, നീതിപൂർവമല്ലാതെ തുടങ്ങിയ അർഥങ്ങളെയും അതുൾക്കൊള്ളുന്നു. ഈ അർഥങ്ങളെല്ലാം പ്രകൃത സന്ദർഭത്തിൽ സാധുവാകുന്നു.

ഏകദൈവത്തിന്റെയും പാരത്രിക രക്ഷാശിക്ഷകളുടെയും ദൃഷ്ടാന്തങ്ങൾ അന്വേഷിക്കുന്നവർക്ക് കണ്ടെത്താൻ തക്കവണ്ണം

ഈ ഭൗതിക പ്രപഞ്ചത്തിൽ തന്നെ ദൃഷ്ടാന്തങ്ങൾ പരന്നു കിടക്കുന്നുണ്ട്. ആർക്കെങ്കിലും അതു സ്വയം കാണാനാകുന്നില്ലെങ്കിൽ അല്ലാഹു ഇതാ, മനസ്സിലാക്കാനാഗ്രഹിക്കുന്നവനുവേണ്ടി അവ ചൂണ്ടിക്കാണിച്ചു തരുന്നു. ഇതാണ് يُفَصِّلُ ٱلْـَٔايَـٰتِ لِقَوْمٍ يَعْلَمُونَ എന്ന വാക്യത്തിന്റെ താൽപര്യം. ഈ ആശയം നേരത്തെ സൂറ *ആലുഇംറാൻ* 190–194 സൂക്തങ്ങളിലും വന്നിട്ടുണ്ട്.

**6:** രാപകൽ വ്യത്യാസമാണ് ചൂണ്ടിക്കാണിക്കപ്പെടുന്ന മറ്റൊരു മഹാദൃഷ്ടാന്തം. നിത്യപരിചയം കൊണ്ട് നമുക്ക് അതിസാധാരണവും സ്വാഭാവികവുമായിത്തീർന്ന കാര്യമാണ് രാപകലുകൾ. വാസ്തവത്തിൽ പ്രപഞ്ച ഘടനയുടെ പല മഹാരഹസ്യങ്ങളും ഉൾക്കൊള്ളുന്ന പ്രതിഭാസമാണത്. രാപ്പകൽ വ്യത്യാസം -ٱخْتِلَٰفِ- തന്നെ അല്ലാഹുവിന്റെ സൃഷ്ടിവൈഭവത്തിന്റെ ദൃഷ്ടാന്തമാണ്. ഭൂമിയിൽ പകൽ മാത്രമോ രാത്രിയോ ആയിരുന്നുവെങ്കിൽ എന്താകുമായിരുന്നു അവസ്ഥ എന്നാലോചിച്ചു നോക്കുക. വ്യത്യാസം എന്നപോലെ രാപകലുകളുടെ ഒന്നിനുപിറകെ മറ്റേതായുള്ള വരവിനെയും, രണ്ടിന്റെയും സ്വഭാവങ്ങളിലും ഗുണദോഷങ്ങളിലുമുള്ള വൈരുധ്യത്തെയും കൂടി ധ്വനിപ്പിക്കുന്ന വാക്കാണ് ٱخْتِلَٰفِ. തികഞ്ഞ വൈരുധ്യത്തെ ഉദ്ദേശിച്ചുകൊണ്ട് രാവും പകലും തമ്മിലുള്ള അന്തരം എന്ന് പറയാറുണ്ടല്ലോ. പകൽ കൃത്യാന്തര ബാഹുല്യത്തെയും ബഹളത്തെയും പ്രതിനിധീകരിക്കുമ്പോൾ, രാവ് വിശ്രമത്തെയും സുഷുപ്തിയെയും പ്രതിനിധീകരിക്കുന്നു. പകൽ വെളിച്ചം, രാത്രി ഇരുട്ട്, രാപകൽ മാറ്റങ്ങളിലുള്ള കണിശമായ ക്രമം; എല്ലാം ഈ ഗോളത്തിന്റെ കറക്കം മഹത്തായ ഒരു ലക്ഷ്യത്തിലേക്കുള്ള പ്രയാണമാണെന്ന് വിളിച്ചോതുന്നു. ഒപ്പം ഈ സംവിധാനത്തിന്റെ പിന്നിലുള്ള ശക്തിയുടെ വിജ്ഞാനത്തെയും സൃഷ്ടിവൈഭവത്തെയും പ്രകാശിപ്പിക്കുന്നു. പ്രത്യക്ഷത്തിൽ പല പ്രതിഭാസങ്ങളും രാപകലുകൾ പോലെ പരസ്പര വിരുദ്ധങ്ങളാണ്. അതോടൊപ്പം അവക്കുള്ളിൽ ഒരു പൊതു ലക്ഷ്യത്തിന് വേണ്ടിയുള്ള അമ്പരപ്പിക്കുന്ന രഞ്ജിപ്പും പാരസ്പര്യവും കാണാം. ഈ രഞ്ജിപ്പിലൂടെയും പാരസ്പര്യത്തിലൂടെയും മുന്നോട്ടു പോയാൽ പ്രപഞ്ചത്തിലെ വൈരുധ്യങ്ങളെല്ലാം ഇല്ലാതാകുന്നു. എല്ലാം ഒരേ ലക്ഷ്യത്തിനുവേണ്ടി സഹകരിച്ചു പ്രവർത്തിക്കുന്ന ഇണകളാണ്. ഇണകളിൽ ഓരോന്നും മറ്റേതിനോട് സഹകരിക്കുമ്പോഴാണ് രണ്ടും നിലനിൽക്കുന്നതും വികസിക്കുന്നതും. ഒന്നിന്റെ അഭാവത്തിൽ മറ്റേത് ഇല്ലാതാകുന്നു. ഇതേ വഴിക്കുതന്നെ ചിന്തിച്ചു ചെന്നാൽ നാം എത്തിച്ചേരുക, പരിപാലനത്തിന്റെയും നിയന്ത്രണത്തിന്റെയും (റുബൂബിയ്യത്തിന്റെ) ഈ മഹാസംവിധാനം ആവിഷ്കരിക്കുകയും സശ്രദ്ധം പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവൻ ഈ സംവിധാനത്തിന്റെ ഒരു ഘടകമായ മനുഷ്യനെ യാതൊരു ഉത്തരവാദിത്വവുമില്ലാത്ത കടിഞ്ഞാണറ്റവനായി വിട്ടയക്കുകയില്ല എന്ന സത്യത്തിലാണ്. അവന്റെ ഉടമത്വത്തിന്റെയും പരിപാലനത്തിന്റെയും അവകാശങ്ങൾ വകവെച്ചു കൊടുത്തവർക്ക് അതിന്റെ ഗുണങ്ങളും നിഷേധിച്ചവർക്ക് അതിന്റെ ദോഷവും അനുഭവപ്പെടുന്ന ഒരുനാൾ വരേണ്ടത് അനിവാര്യമാകുന്നു. ഇതുതന്നെയാണ് പാരത്രിക രക്ഷാശിക്ഷകളുടെ ദൃഷ്ടാന്തം. അതിൽനിന്നാണ് സ്വാഭാവികമായ ദൈവഭക്തി (تقوى) ഉടലെടുക്കുന്നത്. അതെക്കുറിച്ചാണ് സൂറ *ആലുഇംറാൻ* 191–ാം സൂക്തത്തിൽ ബുദ്ധിപൂർവം പ്രാപഞ്ചിക യാഥാർഥ്യങ്ങളെ നിരീക്ഷിക്കുന്നവരുടെ മനസ്സ്, 'നാഥാ ഇതൊക്കെയും നീ വ്യർഥമായി സൃഷ്ടിച്ചിട്ടുള്ളതല്ലതന്നെ, നിന്റെ വിശുദ്ധി പാഴ്വേലകൾക്കതീതമാകുന്നു. ഞങ്ങളെ നീ നരകശിക്ഷയിൽനിന്ന് കാക്കേണമേ' എന്ന് മന്ത്രിക്കുമെന്ന് പറഞ്ഞത്. ■